"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ഷംസുദ്ദീൻ.എഫ്, റ്റി.സി 5/229(1), റ്റിജെആർഎ-110, ഗോൾഡ് ലിങ്ക്സ് റോഡ്, കവടിയാർ.പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ( എ)വകുപ്പ്**

സ.ഉ.(സാധാ) നം.504/2026/ID തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 19.07.2022 തീയതിയിലെ 40/ഡിഒറ്റി/എംഎൽ/2022 നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.ഷംസുദ്ദീൻ.എഫ്, റ്റി.സി 5/229(1), റ്റിജെആർഎ-110, ഗോൾഡ് ലിങ്ക്സ് റോഡ്, കവടിയാർ.പി.ഒ, തിരുവനന്തപുരം 13.06.2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 01/03/2026 തീയതിയിലെ ഡിഎംജി/1911/2025-എം3 നമ്പർ റിപ്പോർട്ട് സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.
4. WP(C) 12273/2022 നമ്പർ റിട്ട് ഹർജിയിൽ ബഹു. കോടതി 06/05/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വീരണക്കാവ് വില്ലേജിൽ ബ്ലോക്ക് നം.44 ൽ റീസർവ്വേ നം.86/8-1, 7 5 ൽപ്പെട്ട വസ്തുവിൽ നിന്നും 44874 മെ.ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം ജിയോളജി ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നുവെങ്കിലും അനുമതിയിലെ വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തുന്നതായ പരാതിയുടെയും WP(C) 12273/2022 നമ്പർ റിട്ട് ഹർജിയിൽ ബഹു.കോടതി 08.04.2022 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പൂവച്ചൽ ഗ്രാമ പഞ്ചായത്ത് അധികൃതരുമൊത്ത് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ പഞ്ചായത്ത് ഭൂവികസന പെർമിറ്റ് പ്രകാരം അനുവദിച്ചതിലുപരിയായി ഖനനം ചെയ്തതായി കണ്ടെത്തിയ 7308.45 ക്യു.മീ (14617 മെ.ടൺ) മണ്ണിന് 5 ഇരട്ടി റോയൽറ്റിയായ 14,61,700/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് 19.07.2022 തീയതിയിൽ തിരുവനന്തപുരം ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.ഷംസുദ്ദീൻ.എഫ്, റ്റി.സി 5/229(1), റ്റിജെആർഎ-110, ഗോൾഡ് ലിങ്ക്സ് റോഡ്, കവടിയാർ.പി.ഒ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുടെയും ഇതു സംബന്ധിച്ച് ടിയാൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 12273/2022 നമ്പർ റിട്ട് ഹർജിയിൽ ബഹു.കോടതി 06/05/2025 തീയതിയിൽ പുറപ്പെടുവിച്ച അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **27/09/2025** ന് നേരിൽ കേട്ടു.

2. അപ്പീൽ വാദി ബോധിപ്പിച്ച കാര്യങ്ങൾ ചുവടെ കാണാവുന്നതാണ്.

അപ്പീൽ വാദി വീരണകാവ് വില്ലേജിലെ റീ-സർവ്വേ നമ്പർ 86/5, 86/7, 86/8-1 എന്നിവയിലായി 49.77 ആർസി ഭൂമി വാങ്ങി. വീരണകാവ് വില്ലേജിലെ റീ-സർവ്വേ നമ്പർ89/21-ൽ ഉൾപ്പെട്ട 35.60 ആർസ് ഭൂമിയും അപ്പീൽ വാദി വാങ്ങി. ഈ രണ്ട് പ്ളോട്ടുകളും പരസ്പരം ചേർന്ന് കിടക്കുന്നവയാണ്. ഗ്രാമീണ മേഖലയിൽ നല്ല സാധ്യതയുള്ള "റെയിൻബോ ഡയറി ഫാം" (RAINBOW DAIRY FARM) എന്ന പേരിൽ ഒരു ക്ഷീര ഫാം തുടങ്ങുന്നതിനായാണ് ആകെ 85.17 ആർസ് (43.77 + 35.60) ഭൂമി വാങ്ങിയത്. ഇതിന്റെ ഭാഗമായി, പറയുന്ന 49.77 ആർസ് ഭൂമിയിൽ പദ്ധതി നടപ്പിലാക്കാൻ അപ്പീൽ തീരുമാനിച്ചു. ഭൂമി വികസിപ്പിക്കുന്നതിനായി കെട്ടിടങ്ങൾ, ഫാം ഷെഡുകൾ, കിണർ, പമ്പ്, ഹൗസ്, സ്റ്റോർ ഏരിയ, മതിൽ എന്നിവ നിർമ്മിക്കുന്നതിന് ഭൂമി നിപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നും നിർമ്മാണ പെർമിറ്റും വികസന പെർമിറ്റും ലഭ്യമാക്കി. ഈ പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ, മണ്ണ് നീക്കം, ചെയ്യുന്നതിനും നിരപ്പാക്കുന്നതിനുമുള്ള അനുമതിക്കായി ജിയോളജിസ്റ്റിനെ സമീപിച്ചതനുസരിച്ച് 16/02/2022-ലെ ഉത്തരവ് പ്രകാരം 49.77 ആർസ് ഭൂമിയിൽ നിന്നും 280 ലോഡുകളിലായി 4484 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യാൻ അനുമതി നല്കി. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള റോയൽറ്റിയായി 89680 രൂപ അടച്ച.ടി ഉത്തരവ് പ്രകാരം 280 ലോഡുകൾക്ക് ആവശ്യമായ മിനറൽ ട്രാൻസിറ്റ് പാസ് അനുവദിച്ചു. എന്നാൽ 280 ലോഡുകൾക്ക് അനുമതി നല്കിയെങ്കിലും 100 ട്രാൻസിറ്റ് പാസ് മാത്രമാണ് നല്കിയത്. ഇതുപയോഗിച്ച് 100 ലോഡ് അപ്പീർ വാദി നീക്കം ചെയ്തു. തുടർന്ന് ബാക്കി 100 പാസുകൾക്കായി അപേക്ഷിച്ചപ്പോൾ, പൂവച്ചൽ സ്വദേശികളായ ജലീൽ മുഹമ്മദ് നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ അത് തടഞ്ഞുവെച്ചു. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ തോതിൽ ഭൂമി നിരപ്പാക്കൽ ജോലികൾ നടന്നിട്ടുണ്ട്. മുകളിലെ മണ്ണ് ((Lipper layer/Overburden) നീക്കം ചെയ്ത് അപ്പീൽ വാദിയുടെ പ്ളോട്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ (KMMCR, 2015 ) - 15-ാം ചട്ടം പ്രകാരം ഇത്തരത്തിൽ മുകൾ മണ്ണ് നീക്കം ചെയ്യുന്നതിന് പ്രത്യേകം ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ല. കുഴികൾ നികത്തുന്നതിന് ഈ മണ്ണ് മാറ്റി വെച്ചിരിക്കുന്നത്. ഇത് പെർമിറ്റിൽ ഉൾപ്പെടുന്ന ധാതുവായി കണക്കാക്കാൻ കഴിയില്ല. ഇത് നിയമപരമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ള വാദമാണ്. ബാക്കിയുള്ള 180 ട്രാൻസിറ്റ് പാസുകൾ തടഞ്ഞുവെച്ചിരിക്കുകയാണ്. അനുവദിക്കപ്പെട്ട ബാക്കിയുള്ള 180 ലോഡ് മണ്ണ് മാറ്റിയാൽ മാത്രമേ നിപ്പാക്കൽ ജോലികൾ കൃത്യസമയത്ത് തീർക്കാൻ സാധിക്കൂ. അല്ലാത്തപക്ഷം ഈ വികസന പ്രവർത്തനം മുഴുവനായി തടസ്സപ്പെടാൻ സാധ്യതയുണ്ട്.
നിലവിലെ മണ്ണിന്റെ അവസ്ഥ അപകടകരമാണെന്നും ബാക്കിയുള്ള 180 ലോഡ് മണ്ണ്

വൈകാതെ നീക്കം ചെയ്യാൻ അനുവദിക്കുകയാണ് ഏക പോംവഴിയെന്നും പഞ്ചായത്ത് എൻജിനീയർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 100 പാസുകൾ ഉപയോഗിച്ച് നീക്കം ചെയ്തതിൽ കൂടുതൽ ഒരു ലോഡ് മണ്ണ് പോലും അവിടെനിന്ന് പോയിട്ടില്ല. മറ്റ് മാർഗങ്ങളില്ലാതെ അപ്പീൽ കക്ഷി ഹൈക്കോടതിയെ സമീപിക്കുകയും റിട്ട് ഹർജി ഫയൽ ചെയ്യുകയും ചെയ്തു. 08/04/2022-ൽ മണ്ണ് കൊണ്ടുപോകാൻ അനുമതി നല്കിക്കൊണ്ട് കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ ഉത്തരവ് അധികാരികൾ ബോധപൂർവ്വം ലംഘിച്ചു. ഇത് കോടതി അലക്ഷ്യത്തിന് കാരണമായി. കോടതി അലക്ഷ്യ ഹർജിക്ക് പിന്നാലെ, കോടതി ഉത്തരവ് പാലിക്കുന്നു എന്ന വ്യാജേന 20.04.2022 ൽ രണ്ടാം എതിർകക്ഷി ഒരു ഉത്തരവ് പുറപ്പെടുവിച്ചു. അപ്പീൽ കക്ഷിയെ അറിയിക്കാതെ രഹസ്യമായാണ് അവർ പരിശോധന നടത്തിയത്. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണ്.

പരിശോധനയിൽ 1828.5 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്തതായും 413.5 ക്യൂബിക് മീറ്റർ ബാക്കിയുണ്ടെന്നും അധികാരികൾ അവകാശപ്പെട്ടു. ഇത് നീക്കം ചെയ്യാൻ 69 പാസുകൾ മാത്രമാണ് നല്കിയത്. പാസില്ലാതെ ഒരു ലോറി പോലും പോയതതായി കണ്ടെത്താൻ അധികാരകൾക്ക് കഴിഞ്ഞിട്ടില്ല. 3 മീറ്റർ മാത്രം വീതിയുള്ള ചെറിയ റോഡിലൂടെ വലിയ ലോറികൾക്ക് പോകാൻ കഴിയില്ല. 24/02/2022 ൽ തന്നെ രണ്ടാം എതിർകക്ഷി നടപടികൾ ആരംഭിച്ചതായും അപ്പീൽ കക്ഷിയെ അറിയിക്കാതെ സൈറ്റ് പരിശോധന നടത്തിയതായും കാണാം. കൂടാതെ അനുമതി നല്കിയതിനേക്കാൾ കൂടുതൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ടോ എന്ന് സ്ഥിരീകരിക്കാൻ മറ്റൊരു പരിശോധന കൂടി നടത്തണമെന്ന് ആവശ്യപ്പെട്ട് 26/02/2022 ൽ തന്നെ പൂവച്ചൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചു. ഇതിനെത്തുടർന്ന് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ മുഖേന പരിശോധന നടത്തി 11/03/2022-ൽ സെക്രട്ടറി റിപ്പോർട്ട് നല്കി. ഈ പരിശോധനയും അപ്പീൽ കക്ഷിയെ അറിയിക്കാതെയാണ് നടത്തിയത്. പഞ്ചായത്ത് അംഗീകരിച്ച ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് പ്ലാനുമായി ബന്ധപ്പെട്ട അളവുകളൊന്നും അതിൽ പരാമർശിച്ചിട്ടില്ല. എന്നാൽ വികസനം കൂടുതൽ സ്ഥലത്ത് നടന്നതായി ആരോപിക്കുന്നുണ്ടെങ്കിലും മണ്ണ് കൂനകളായി കൂട്ടിയിട്ടിരിക്കുകയാണെന്ന് അതിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. സൈറ്റിൽ നിന്ന് മണ്ണ് കടത്തിക്കൊണ്ടുപോയതായി യതൊരു ആരോപണവുമില്ല. പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൽ പറയുന്നത് മണ്ണ് കൂനകളായിട്ടാണ് കിടക്കുന്നതെന്നും അത് അളക്കാൻ കഴിയില്ലെന്നുമാണ്. എന്നാൽ 1,2,3 സെക്ഷനുകളിൽ നിന്നായി 1828.8 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്തെന്നും ഇനി 413.5 ക്യൂബിക് മീറ്റർ മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നും ജിയോളജിസ്റ്റ് തെറ്റായി പ്രസ്താവിച്ചു. അപ്പീൽ നല്കിയ ആൾ തന്റെ പ്ലോട്ടിന് പുറത്തേക്ക് മണ്ണ് കടത്തിയെന്ന് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കൂനകളായി കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെ ആകെ അളവിനെക്കുറിച്ച് മഹസ്സറിൽ ഒന്നും പറയുന്നില്ല. കൊണ്ടുപോകുന്നതിന് മുമ്പ് മണ്ണ് കൂട്ടിയിടുന്നത് സൗകര്യത്തിനാണ്. അത് നിയമലംഘനമല്ല. മണ്ണ് നിയമ വിരുദ്ധമായി നീക്കം ചെയ്തു എന്നാരോപിച്ച് 14,61,700/- രൂപ പിഴയായി എതിർകക്ഷി ആവശ്യപ്പെട്ടു. യാതൊരു തെളിവുമില്ലാതെയാണ് ഈ അളവുകളും വിവരങ്ങളും നല്കിയിരിക്കുന്നത്.

ഇതിനിടയിൽ സീനിയർ ജിയോളജിസ്റ്റിൽ നിന്ന് 07/11/2023-ൽ ഒരു നോട്ടീസ് ലഭിച്ചു. മണ്ണ് നീക്കം ചെയ്യാൻ പെർമിറ്റ് നല്കി ഒരു വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തത് എന്തുകൊണ്ട് എന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ടായിരുന്നു. ഇത്

റോയൽറ്റി തുകയുടെ 5 ഇരട്ടി പിഴയായി അടയ്ക്കണമെന്നും അതിൽ പറയുന്നു. എന്നാൽ 24/02/2022 മുതൽ മണ്ണ് നീക്കം ചെയ്യുന്നതിൽ നിന്ന് ജില്ലാ ജിയോളജിസ്റ്റ് അപ്പീൽ നല്കിയ ആളെ തടഞ്ഞിരിക്കുകയാണ്. യാഥാർത്ഥ്യം ഇതായിരിക്കെ ഇത്തരമൊരു നോട്ടീസ് നല്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. ഇതിന് മറുപടി 18/11/2023-ൽ സീനിയർ ജിയോളജിസ്റ്റിന് മറുപടി നല്കിയിട്ടുണ്ട്. ഈ സാഹര്യത്തിൽ 19/07/2022 ലെ 14,61,700/- രൂപ പിഴ ആവശ്യപ്പെട്ടുകൊണ്ടുള്ള ഉത്തരവും തുടർന്നുള്ള 7,29,300/- രൂപ അടയ്ക്കാനുള്ള ആവശ്യവും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു.

3. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വീരണക്കാവ് വില്ലേജിൽ ബ്ളോക്ക് നമ്പർ 44, സർവ്വേ നം.86/8-1, 86/7,86/5 ൽ ഉൾപ്പെട്ട സ്ഥലത്ത് പൂവച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിട്ടുള്ള ഡവലപ്മെന്റ് പ്ളാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 4484 മെ.ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.ഷംസുദ്ദീൻ എന്ന വ്യക്തിക്ക് ജില്ലാ ഓഫീസിൽ നിന്നും 16.02.2022 തീയതിയിൽ അനുമതി നല്കുകയും 280 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീ. ഷംസുദ്ദീൻ എന്നവർ മണ്ണ് നീക്കം ചെയ്യുന്നതിനെതിരെ ശ്രീ. അബ്ദുൽ ജലീൽ എന്ന വ്യക്തി ഫോൺ മുഖേന ജില്ല ആഫീസിൽ പരാതി നല്കിയതിനെ തുടർന്ന് ടി സ്ഥലം 24.02.2022 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തുകയും പരിശോധയിൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി സാധാരണ മണ്ണ് ഖനനം ചെയ്തു കടത്തിയിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡെവലപ്മെന്റ് പ്ളാൻ പ്രകാരമാണോ ടി സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളത് എന്നതിൽ വ്യക്തത വരുത്തി റിപ്പോർട്ട് നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 26.02.2022 തീയതിയിൽ ജില്ല ആഫീസിൽ നിന്ന് കത്ത് നല്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.03.2022 തീയതിയിൽ മറുപടി ലഭ്യമാക്കിയതിൽ അനുമതി നല്കിയ സ്ഥലത്ത് നിന്നും അനുവദിച്ച അളവിൽ കൂടുതൽ മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. അനുമതിക്ക് വിരുദ്ധമായി ഖനന പ്രവർത്തനം നടത്തിയതിന് 24/2/2022 തീയതിയിൽ സ്ഥലപരിശോധന നടത്തി സ്റ്റോപ്പ് മെമ്മോ നല്കിയതിനെതിരെ അപ്പീൽ കക്ഷി ബഹു. കേരള ഹൈക്കോടതി മുമ്പാകെ 12273/2022 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള 08.04.2022 തീയതിയിലെ വിധിന്യായത്തിൽ അനുമതി പുതുക്കി നല്കുന്നതിനും കൂടാതെ അനുവദിച്ച അളവിൽ കൂടുതൽ ഖനനം നടന്നിട്ടുണ്ടെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിക്കുവാനും ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചുകൊണ്ട് പരാതിക്കാസ്പദമായ സ്ഥലം 12.04.2022 തീയതിയിൽ സ്ഥലപരിശോധന നടത്തിയതിൽ, മുൻ അനുമതി പ്രകാരമുള്ള 4484 മെട്രിക് ടണ്ണിൽ 3657 മെട്രിക് ടൺ (1828.5 ക്യൂബിക് മീറ്റർ) സാധാരണ മണ്ണ് നീക്കം ചെയ്തതായും 827 മെട്രിക് ടൺ (413.5 ക്യൂബിക് മീറ്റർ) സാധാരണ മണ്ണ് ശേഷിക്കുന്നതായും

കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന 413.5 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് 20.04.2022 തീയതിയിൽ അനുമതി പുതുക്കി നല്കുകയും 69 മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ അപ്പീൽ കക്ഷി ഉത്തരവോ മിനറൽ ട്രാൻസിറ്റ് പാസ്സുകളോ കൈപ്പറ്റിയിരുന്നില്ല. ഇതിനിടെ സ്ഥലമുടമ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത Contempt of Court Case No.830/2022 ൽ 23.06.2022 തീയതിയിൽ വന്ന വിധിന്യായത്തിൽ ജില്ലാ ആഫീസിലെ 20.04.2022 തീയതിയിലെ ഉത്തരവ് പ്രകാരം അനുവദിച്ച 69 മിനറൽ ട്രാൻസിറ്റ് പാസ് പുതുക്കി നല്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കോടതി ഉത്തരവ് പാലിച്ചുകൊണ്ട് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി 02.07.2022 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്ന് വീണ്ടും പുതുക്കിനല്കുകയും 69 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിച്ച് ഉത്തരവാകുകയും ആയതു അപ്പീൽ കക്ഷിക്ക് അയച്ച് നല്കുകയും ചെയ്തിരുന്നു. എന്നാൽ അനുമതി മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അപ്പീൽ കക്ഷി കൈപ്പറ്റിയില്ല.

തുടർന്ന് ബഹു. കേരള ഹൈക്കോടതിയുടെ 08.04.2022 തീയതിയിലെ ഉത്തരവ് പാലിച്ചുകൊണ്ട് 25.06.2022 തീയതിയിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധന നടത്തിയതിൽ ഡവലപ്പ്മെന്റ് പ്ലാനിന് വിരുദ്ധമായി മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയും ഡെവലപ്മെന്റ് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ഏരിയയ്ക്കുള്ളിലും പുറത്തുനിന്നുമായി 7308.45 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്തതായി അളന്നു തിട്ടപ്പെടുത്തുകയും മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണ്. ടി അനധികൃത ഖനനത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 05.07.2022 തീയതിയിൽ സ്ഥല ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസും നല്കിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് 18.07.2022 തീയതിയിൽ ശ്രീ. ഷംസുദ്ദീൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 14617 മെട്രിക് ടൺ സാധാരണ മണ്ണ് അനധികൃതമായി ഖനനം ചെയ്ത നീക്കം ചെയ്തതിന് 14,61,700 രൂപ ഒടുക്കുന്നതിന് 19.07.2022 തീയതിയിൽ ശ്രീ.ഷംസുദ്ദീന് ഡിമാന്റ് നോട്ടീസും നല്കിയിരുന്നു. 13.07.2022 തീയതിയിലെ അപ്പീൽകക്ഷിയുടെ അപേക്ഷയെ തുടർന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23/6/2022 ലെ ഉത്തരവ് പ്രകാരവും 13.07.2022 തീയതിയിൽ വീണ്ടും 827 മെട്രിക് ടൺ നീക്കം ചെയ്യുന്നതിന് അനുമതി പുതുക്കി 69 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കുകയും അപ്പീൽ കക്ഷി ആയതു കൈപ്പറ്റുകയും ചെയ്തിരുന്നു.

ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 12273/2022 നമ്പർ റിട്ട് പെറ്റീഷനിൽ 11.08.2023 തീയതിയിൽ വന്ന ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് അപ്പീൽ കക്ഷിക്ക് മുൻകൂർ നോട്ടീസ് നല്കിയ ശേഷം അപ്പീൽകക്ഷിയുടെ സാന്നിദ്ധ്യത്തിൽ 04.09.2023 തീയതിയിൽ സ്ഥലം പരിശോധിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. സ്ഥല പരിശോധനയിലും ടോട്ടൽ സ്റ്റേഷൻ സർവേയിലും ടി സ്ഥലത്ത് നിന്നും 7293 മെട്രിക് ടൺ സാധാരണ മണ്ണാണ് നീക്കം ചെയ്തെന്ന് തിട്ടപ്പെടുത്തുകയും മഹസ്സറിൽ അപ്പീൽ കക്ഷിയും ഒപ്പ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ

13.07.2022 തീയതിയിലെ അപ്പീൽകക്ഷിയുടെ അപേക്ഷയെ തുടർന്നും ബഹുമാനപ്പെട്ട

ഹൈക്കോടതിയുടെ 23/6/2022 ലെ ഉത്തരവ് പ്രകാരവും 13.07.2022 തീയതിയിൽ വീണ്ടും 827 മെട്രിക് ടൺ നീക്കം ചെയ്യുന്നതിന് അനുമതി പുതുക്കി 69 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കുകയും അപ്പീൽ കക്ഷി ആയതു കൈപ്പറ്റുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വീരണക്കാവ് വില്ലേജിൽ ബ്ളോക്ക് നമ്പർ 44, സർവ്വെ നം.86/8-1,86/7,86/5 ൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കം ചെയ്യുന്നതിന് നല്കിയ അനുമതിയുടെ മറവിൽ അനുമതി ലഭിച്ച സ്ഥലത്തിന് പുറത്തു നിന്ന് അനധികൃതമായി നീക്കം ചെയ്ത 7293 മെട്രിക് ടൺ സാധാരണ മണ്ണിന് ടി സമയത്തെ റോയൽറ്റി നിരക്കായ ടണ്ണിന് 20/- രൂപ നിരക്കിൽ അഞ്ചിരട്ടി റോയൽറ്റി (7293 x 20 x 5 ) 7,29,300/- രൂപയും കൂടാതെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മിക്കാത്തതിന് സൂചന (6) ലെ ചട്ടങ്ങൾ പ്രകാരം ഒടുക്കിയ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ (89,680 x 5) 4,48,400/- രൂപയും കൂട്ടിച്ചേർത്ത് 11,77,700/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവാൻ ശ്രീ. ഷംസുദ്ദീൻ.എഫ് എന്ന വ്യക്തി ബാദ്ധ്യസ്ഥനാണ്. എന്നാൽ പുതുക്കിയ തുക പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നല്കിയിട്ടില്ലാത്തതാണെന്നും ആദ്യം നല്കിയ ഡിമാന്റ് നോട്ടീസിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിച്ചതിനാലാണ് പുതുക്കിയ തുക പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നല്കാതിരുന്നതെന്നും ടി സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ സ്റ്റേ അനുവദിക്കരുതെന്നും കുടിശ്ശിക അടയ്ക്കുവാൻ അപ്പീൽ ഹർജിക്കാരന് നിർദ്ദേശം നല്കിക്കൊണ്ട് അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകണമെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആകെയാൽ അപ്പീൽ കക്ഷിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം നല്കിക്കൊണ്ട് അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

4. അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 12273/2022 നമ്പർ റിട്ട് പെറ്റീഷനിൽ 11.08.2023 തീയതിയിൽ വന്ന ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് അപ്പീൽ കക്ഷിക്ക് മുൻകൂർ നോട്ടീസ് നല്കിയ ശേഷം അപ്പീൽകക്ഷിയുടെ സാന്നിദ്ധ്യത്തിൽ 04.09.2023 തീയതിയിൽ സ്ഥലം പരിശോധിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. സ്ഥല പരിശോധനയിലും ടോട്ടൽ സ്റ്റേഷൻ സർവേയിലും ടി സ്ഥലത്ത് നിന്നും 7293 മെട്രിക് ടൺ സാധാരണ മണ്ണാണ് നീക്കം ചെയ്തെന്ന് തിട്ടപ്പെടുത്തുകയും മഹസ്സറിൽ അപ്പീൽ കക്ഷി ഒപ്പ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ 13.07.2022 തീയതിയിലെ അപ്പീൽകക്ഷിയുടെ അപേക്ഷയെ തുടർന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23/6/2022 ലെ ഉത്തരവ് പ്രകാരവും 13.07.2022 തീയതിയിൽ 827 മെട്രിക് ടൺ നീക്കം ചെയ്യുന്നതിന് അനുമതി പുതുക്കി 69 മിനറൽ ട്രാൻസിറ്റ് പാസുകൾ അനുവദിക്കുകയും അപ്പീൽ കക്ഷി ആയതു കൈപ്പറ്റുകയും ചെയ്തിരുന്നു. അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ തിട്ടപ്പെടുത്തിയ അനധികൃത ഖനനത്തിന്റെ അളവായ 7293 മെ.ടൺ മണ്ണിന് കെ.എം.എം.സി ചട്ടം 14(4) പ്രകാരം

പെനാൽറ്റി ഒടുക്കുവാനും കൂടാതെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മിക്കാത്തതിന് കെ.എം.എം.സി ചട്ടം 14 (5) പ്രകാരം ഒടുക്കിയ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയും സർക്കാരിലേയ്ക്ക് ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ 14617 MT ധാതുവിന് 14,61,300/- രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് 19/7/2022 ൽ നല്കിയ ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്തു കൊണ്ടും ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അളന്നു തിട്ടപ്പെടുത്തിയ 7293 MT മണ്ണിന് കെ.എം.സി.സി ചട്ടം 14 (4) പ്രകാരം പെനാൽറ്റി നിർണ്ണയിച്ചും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മിക്കാത്തതിന് കെ.എം.എം.സി ചട്ടം 14 (5) പ്രകാരം പെനാൽറ്റി നിർണ്ണയിച്ചും പുതുക്കിയ ഡിമാന്റ് നോട്ടീസ് നടപടിക്രമങ്ങൾ പാലിച്ച് നല്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിക്കൊണ്ട് ശ്രീ.ഷംസുദ്ദീൻ.എഫ്, റ്റി.സി 5/229(1), റ്റിജെആർഎ-110, ഗോൾഡ് ലിങ്ക്സ് റോഡ്, കവടിയാർ.പി.ഒ, തിരുവനന്തപുരം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം ബഹു. കോടതി വിധി പാലിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.ഷംസുദ്ദീൻ.എഫ്, റ്റി.സി 5/229(1), റ്റിജെആർഎ-110, ഗോൾഡ് ലിങ്ക്സ് റോഡ്,
കവടിയാർ.പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (With CL)
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്,
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 30-04-2026 15:41:16